**പതിമൂന്നാം കേരള നിയമസഭ**
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ - 6065 | 28.10.2011 - ൽ മറുപടിക്ക്

**ഭൂമി തരംമാറ്റി രജിസ്റ്റർ ചെയ്യുന്നതിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. ടി.എം. ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി കൈമാറ്റം ചെയ്യുമ്പോൾ ഭൂമിയുടെ തരം മാറ്റി രജിസ്റ്റർ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | അത്തരം രജിസ്ട്രേഷനിലൂടെ വയലുകൾ പുരയിടങ്ങളും പറമ്പുകളുമായി മാറുന്നത് തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അപ്രകാരം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ? | (ബി) | ഭൂമിയുടെ ഇനം, തരം എന്നിവ പ്രമാണങ്ങളിൽ തെറ്റായി രേഖപ്പെടുത്തുന്നത് ഒഴിവാക്കുന്നതിന്, അവ റവന്യൂ റിക്കാർഡുകളുടെ മാത്രം അടിസ്ഥാനത്തിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണെന്ന്, 18.9.2009- ലെ 45630/എ2/09/ റവന്യൂ നമ്പർ കത്തുമുഖേന സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ, പ്രസ്തുത നിർദ്ദേശം മൂലം പ്രായോഗിക തലത്തിൽ ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ബോധ്യപ്പെട്ടതിനാൽ, ബന്ധപ്പെട്ടവരുമായി 24.11.2009 - ൽ രജിസ്ട്രേഷൻ മന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിലെ തീരുമാനം അനുസരിച്ച് ഈ വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് റവന്യൂ (എ) വകുപ്പിൽ നിന്നും 10.3.2010-ൽ (ആർ.റ്റി) 1134/10/റവന്യൂ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

സെക്ഷൻഓഫീസർ